# കേരള സർവകലാശാല

നം. പി.ആർ.196/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## പി ജി സീറ്റൊഴിവ്

കേരളാ സർവ്വകലാശാലയിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ എസ്.ടി വിഭാഗത്തിൽ ജിയോളജി, അക്വാട്ടിക്ക് ബയോളജി ആന്റ് ഫിഷറീസ്, സുവോളജി, ബോട്ടണി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്, കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം, എൻവയോൺമെന്റൽ സയൻസ്, സെന്റർ ഫോർ ഇവല്യൂഷണറി ആന്റ് ഇന്റഗ്രേറ്റഡ് ബയോളജി, ഫിസിക്സ് എന്നീ വകുപ്പ്കളിലും എസ്.സി വിഭാഗത്തിൽ സ്റ്റാറ്റിസ്റ്റിക്സ് അറബിക് തമിഴ് എന്നീ വകുപ്പ്കളിലും എസ്.സി എസ്.ടി വിഭാഗത്തിൽ മാത്തമാറ്റിക്സ്, ഡെമോഗ്രഫി, ആക്ചൂറിയൽ സയൻസ്, ഹിന്ദി, ഫിലോസഫി, ലിംഗ്വിസ്റ്റിക്സ്, ഇസ്ലാമിക് സ്റ്റഡീസ്, സൈക്കോളജി, കമ്പ്യൂട്ടർ സയൻസ് എന്നീ വകുപ്പ്കളിലും സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി സെപ്തംമ്പർ ഏഴിന് രാവിലെ 10.30-ന് അതാത് ഡിപ്പാർട്ട്മെന്റിൽ ഹാജരാകണം. എം.എ ഇസ്ലാമിക് ഹിസ്റ്ററി പ്രോഗ്രാമിന് പ്രസ്തുത വിഭാഗത്തിലെ എല്ലാ ബിരുദക്കാർക്കും അപേക്ഷിക്കാവുന്നതാണ്.

കേരള സർവകലാശാലയുടെ കാര്യവട്ടം കാമ്പസിലെ ഇസ്ലാമിക് പഠന വകുപ്പിൽ എം.എ ഇസ്ലാമിക ചരിത്രത്തിൽ (2017-19 ബാച്ച്) പട്ടികജാതി പട്ടിക വർഗ വിഭാഗങ്ങളുടെ ഒഴിവുകളുണ്ട്. ഏത് ബിദുദമുള്ളവർക്കും അപേക്ഷിക്കാം. ഇസ്ലാമിക ചരിത്രത്തിൽ ബിരുദമുള്ളവർക്ക് മുൻഗണന. അർഹരായ വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി സെപ്തംമ്പർ എട്ടാം തീയതി രാവിലെ പത്ത് മണിക്ക് കാര്യവട്ടം ഇസ്ലാമിക പഠനവകുപ്പിൽ ഹാജരാകണം. ബന്ധപ്പെടേണ്ട നമ്പർ: 0471-2308115/9495231737.

കേരള സർവകലാശാല കാര്യവട്ടം ആർക്കിയോളജി വിഭാഗത്തിൽ എം.എ ആർക്കിയോളജി (2017-19 ബാച്ച്) പട്ടികവർഗം വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. അർഹരായ വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി സെപ്തംമ്പർ 13-ാം തീയതി രാവിലെ പത്ത് മണിക്ക് കാര്യവട്ടം ആർക്കിയോളജി ഡിപ്പാർട്ട്മെന്റിൽ ഹാജരാകണം.

കേരള സർവകലാശാല കാര്യവട്ടം പൊളിറ്റിക്കൽ സയൻസ് വിഭാഗത്തിൽ എം.എ പൊളിറ്റിക്കൽ സയൻസ് (2017-19 ബാച്ച്) പട്ടികവർഗം വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. അർഹരായ വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി സെപ്തംമ്പർ എട്ടാം തീയതി രാവിലെ പത്ത് മണിക്ക് കാര്യവട്ടം പൊളിറ്റിക്കൽ സയൻസ് ഡിപ്പാർട്ട്മെന്റിൽ ഹാജരാകണം.

(എല്ലാ എഡിഷനിലും പ്രസിദ്ധീക്കാനുള്ളത്)

## എം.ഫിൽ :- അക്കാഡമിക്ക് ഡീറ്റേൽസ് അപ്‌ലോഡ് ചെയ്യണം

കേരള സർവകലാശാലയിലേയും യൂണിവേഴ്സിറ്റി കോളേജിലേയും വിവിധ വകുപ്പ്കളിലേക്ക് എം.ഫില്ലിന് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ(www.admissions.keralauniversity.ac.in) എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് അവരുടെ അക്കാഡമിക്ക് ഡീറ്റേൽസ് അപ്‌ലോഡ് ചെയ്യേണ്ടതാണ്. അവസാന തീയതി സെപ്തംബർ 14.(എല്ലാ എഡിഷനിലും പ്രസിദ്ധീക്കാനുള്ളത്)(തുടർച്ചയായുള്ള രണ്ട് ദിവസങ്ങളിൽ പ്രസിദ്ധീക്കാനുള്ളത്)

## ബി.ടെക് ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ എട്ടാം സെമസ്റ്റർ ബി.ടെക് ഡിഗ്രി (2013 സ്കീം റഗുലർ) പരീക്ഷാഫലം ആഗസ്റ്റ് 31-ന് പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും ഓൺലൈനായി മാത്രം സെപ്തംബർ 28 വരെ അപേക്ഷിക്കാം. കരട് മാർക്ക്ലിസ്റ്റ് വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ആന്റിസിപ്പേറ്ററി സ്റ്റേറ്റ്മെന്റ് നൽകണം

കേരള സർവകലാശാലയിൽ നിന്നും പെൻഷൻ വാങ്ങുന്ന 250000 രൂപയ്ക്ക് മേൽ വാർഷിക വരുമാനമുള്ള പെൻഷൻകാർ 2017-18 സാമ്പത്തികവർഷത്തിലെ ആന്റിസിപ്പേറ്ററി ഇൻകംടാക്സ് സ്റ്റേറ്റ്മെന്റ് സെപ്തംബർ 23-നകം സമർപ്പിക്കേണ്ടതാണ് ആന്റിസിപ്പേറ്ററി സ്റ്റേറ്റ്മെന്റ് നൽകാത്തവരുടെ ഇൻകം ടാക്സ് കണക്കാക്കി പെൻഷനിൽ നിന്ന് പിടിക്കുന്നതാണ്. ഇൻകംടാക്സ് ഇളവുകൾ അവകാശപ്പെടുന്നവർ അതിന്റെ തെളിവുകളും വിശദവിവരങ്ങളും സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടില്ല എങ്കിൽ ആയത് പരിഗണിക്കുന്നതല്ല.

## എം.ടെക് (ടെക്നോളജി മാനേജ്മെന്റ്) സ്പോട്ട് അഡ്മിഷൻ

കേരള സർവകലാശാല കാര്യവട്ടം ഫ്യൂച്ചേർസ് സ്റ്റഡീസ് പഠനവകുപ്പിൽ എം.ടെക് (ടെക്നോളജി മാനേജ്മെന്റ്) (2017-19 ബാച്ച്) പ്രവേശനത്തിനായി എസ്.സി/എസ്.ടി വിഭാഗത്തിന് (2 സീറ്റ്) സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താൽപര്യമുള്ളവർ അപേക്ഷാ ഫോമും (അപേക്ഷാ ഫീസ് - 500 രൂപ) സർട്ടിഫിക്കറ്റുകളുടെ അസൽ പകർപ്പുകളുമായി സെപ്റ്റംബർ എട്ട് രാവിലെ 10.30-ന് പഠനവകുപ്പിൽ ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് ടൈംടേബിൾ

കേരള സർവകലാശാല സെപ്റ്റംബറിൽ ആരംഭിക്കുന്ന എട്ടാം സെമസ്റ്റർ (ബി.ടെക് പാർട്ട്ടൈം റീസ്ട്രക്ച്ചേർഡ് 2008 സ്കീം) പരീക്ഷാ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ/ബി.എസ്‌സി ഫലം

കേരള സർവകലാശാല 2016 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ/ബി.എസ്‌സി സപ്ലിമെന്ററി പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും ഓൺലൈനായി മാത്രം സെപ്തംബർ 28 വരെ അപേക്ഷിക്കാം.

## ബി.എഡ് ടൈംടേബിൾ

കേരള സർവകലാശാല സെപ്റ്റംബർ 14-ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എഡ്യുക്കേഷൻ(2015 സ്കീം റഗുലർ)(2015-17 ബാച്ച്) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
02.09.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**